ഭരണഭാഷ മാതൃഭാഷ
# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
# KERALA STATE BIODIVERSITY BOARD
A statutory and autonomous body, Government of Kerala

L-14, Jai Nagar, Medical College (P.O), Thiruvananthapuram – 695 011
Tele fax: 0471-2448234 | Ph: 0471-2554740
E-mail: keralabiodiversity@gmail.com | Website: www.keralabiodiversity.org

## ബയോഡൈവേഴ്സിറ്റി ക്ലബ്ബിന്റെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ

സ്കൂൾ, കോളേജ് തലത്തിൽ പ്രവർത്തിക്കുന്ന ബയോഡൈവേഴ്സിറ്റി ക്ലബ്ബുകൾക്ക് ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ - ബയോഡൈവേഴ്സിറ്റി ക്ലബ്ബിൽ 25-30 അംഗങ്ങൾ വരെ ഉണ്ടാകണം. ഒരുവർഷം മൂന്നു മീറ്റിംഗുകളെങ്കിലും നടത്തണം. ബയോഡൈവേഴ്സിറ്റി ക്ലബ്ബിന്റെ പ്രവർത്തനത്തിന്റെ മിനിറ്റ്സും, അറ്റൻഡൻസും, ക്ലബ്ബ് അംഗങ്ങളുടെ അറ്റൻഡൻസും, കോർഡിനേറ്ററുടെ ഒപ്പും, ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽ - ന്റെ മേലൊപ്പും രേഖപ്പെടുത്തിയ രജിസ്റ്റർ സ്കൂളിൽ ഉണ്ടായിരിക്കണം.

**ക്ലബ്ബിന്റെ പ്രവർത്തനം രണ്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.**

(I) പ്രവർത്തന പരിശീലന പരിപാടികൾ     II. ബോധവൽക്കരണ പരിപാടികൾ.

**I. പ്രവർത്തന പരിശീലന പരിപാടി.**

(i) കുറഞ്ഞത് പത്തുമരങ്ങളുടെ തൈകൾ നട്ട് സംരക്ഷിക്കുക. ഈ മരങ്ങൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതും, അന്യം നിന്നു പൊയ്ക്കൊണ്ടിരിക്കുന്നതുമായ വിഭാഗത്തിൽ ഉൾപ്പെട്ടതാണെങ്കിൽ കൂടുതൽ ഉത്തമമായിരിക്കും.

(ii) നാടൻ മാവിനങ്ങളുടെയും മറ്റും തൈകൾ നട്ടുള്ള സംരക്ഷണം.

(iii) ചിത്രശലഭ ഉദ്യാനത്തിന്റെ നിർമ്മാണം സ്കൂൾ, കോളേജ് ക്യാമ്പസ്സുകളിൽ നടപ്പിലാക്കുക.

(iv) സ്കൂളിനു ചുറ്റുവട്ടത്തുള്ള സസ്യജന്തു ജാലങ്ങളെ മനസ്സിലാക്കി സ്കൂൾ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം.

(v) ഹരിത ചട്ടം (Green Protocol) സ്കൂളുകളിൽ നടപ്പിലാക്കുക.

**II. ബോധവൽക്കരണ പരിപാടികൾ.**

(i) ജൈവവൈവിധ്യ സംരക്ഷണം

(ii) ജലസംരക്ഷണം

(iii) ഊർജ്ജസംരക്ഷണം.

(iv) മാലിന്യനിർമ്മാർജ്ജനം.

(v) പരിസ്ഥിതി/ജൈവവൈവിധ്യ സംരക്ഷണം എന്നീ വിഷയങ്ങളിൽ സെമിനാറുകൾ, റാലികൾ സംഘടിപ്പിക്കുക.

(vi) ഹരിത ചട്ടം (Green Protocol) നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

മേൽപ്പറഞ്ഞിരിക്കുന്ന ഓരോവിഭാഗത്തിൽ നിന്നും കുറഞ്ഞത് രണ്ടുപ്രോഗ്രാമുകളെങ്കിലും ഒരു വർഷം ചെയ്തിരിക്കണം.

4/07/17

മെമ്പർ സെക്രട്ടറി

Member Secretary
Kerala State Biodiversity Board
Thiruvananthapuram